പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.562 05.07.2013-ലെ മറുപടിക്ക്

**കൈവശഭൂമിക്ക് പട്ടയം**

**ചോദ്യം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.എം.ഉമ്മർ

**മറുപടി**

ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിലായശേഷം ജന്മിമാരിൽ നിന്ന് ഭൂമി വാങ്ങി കൈവശംവച്ച്, വീട്കെട്ടിയും കൃഷി ചെയ്തും വരുന്ന കർഷകരുടെ കൈവശഭൂമികൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതുമൂലം അവർ നേരിടേണ്ടിവരുന്ന ജീവൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത്തരത്തിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശമുള്ള വരും മറ്റു ഭൂമികളില്ലാത്തവരുമായ നാമമാത്ര ചെറുകിട കർഷകരുടെയും കുടികിടപ്പുകാരുടെയും ഭൂമി ഇപ്പോഴും മിച്ച ഭൂമിയെന്ന നിലയിൽ കൈകാര്യം ചെയ്യുന്ന പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതെന്താണെന്ന് വിശദമാക്കാമോ; | (ബി) & (സി) | ഇത്തരത്തിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശമുള്ളവരുടെ പ്രശ്നം പരിഹരിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമത്തിൽ 7E ഭേദഗതി കൊണ്ടുവരുകയുണ്ടായി 'ടി' ഭേദഗതി അനുസരിച്ച് കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതു മുതൽ കേരള ഭൂപരിഷ്കരണം (ഭേദഗതി) നിയമം 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ളകാലയളവിൽ മിച്ചഭൂമിയിൽ നിന്നും ആർജ്ജിച്ചതും 4 ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ളതും വിലകൊടുത്തുവാങ്ങിയതോ മറ്റു വിധത്തിലൂടെയോ കൈവശം വച്ചിരിക്കുന്ന വരെ കുടിയാൻമാരായി കണക്കാക്കുന്നതാണ്. എന്നാൽ കേരളത്തിൽ ഭൂരഹിതർക്ക് പതിച്ചു നല്കാനുള്ള ഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരുന്ന കാലഘട്ടത്തിൽ 4 ഹെക്ടർ എന്നത് 4 ഏക്കർ ആക്കി ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| (സി) | ചെറുകിട നാമമാത്ര കർഷകർക്ക് അവരുടെ കൈവശം വന്നുചേർന്ന ഇത്തരം മിച്ചഭൂമിയ്ക്ക് പട്ടയം നല്കാൻ തക്കവിധം ആവശ്യമെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തുമോ? | | |

സെക്ഷൻ ഓഫീസർ